File No.SJD/100262/2019-D3

150 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :04/01/2020
Email - swdkerala@gmail.com
Phone - 0471 - 2306040

**വിജ്ഞാപനം**

സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ വൈകല്യം തിരിച്ച് 2015 ൽ വകുപ്പ് മുഖേന നടത്തിയ Disability Census ൽ ശേഖരിച്ചിട്ടുണ്ട്. ആയതിൽ സംസ്ഥാനത്തെ Osteogenesis imperfecta (brittle bone disease) ബാധിതരുടെ വിവരങ്ങൾ ശേഖരിച്ചിരുന്നില്ല. Osteogenesis imperfecta ബാധിതരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനായുള്ള പരിപാടികൾ വകുപ്പ് മുഖേന നടപ്പാക്കേണ്ടതുണ്ട് . ആയതിലേക്കായി Osteogenesis imperfecta ബാധിതരുടെ സ്ഥിതി വിവര കണക്ക്, അവർ അഭിമുഖീകരിക്കുന്ന സാമൂഹ്യ - സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങൾ, ഇവരുടെ സാമൂഹ്യ മുന്നേറ്റത്തിനും അവകാശ സംരക്ഷണത്തിനുമായി നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ മുതലായവ സംബന്ധിച്ച വിശദമായ പഠനം നടത്തേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പിന് വേണ്ടി സംസ്ഥാനത്തെ Osteogenesis imperfecta ബാധിതരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് തത്പരരായ സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പദ്ധതി ലക്ഷ്യങ്ങൾ, പ്രോജക്ട് നിർവഹണ രീതി, ഇതിലെയ്ക്കുള്ള വ്യക്തമായ ആക്ഷൻ പ്ലാൻ, പ്രോജക്ട് കാലയളവ്, പ്രതീക്ഷിത ബഡ്ജറ്റ്, അനുബന്ധരേഖകൾ എന്നിവ ഉൾപ്പെടുത്തിയ അപേക്ഷ ഇതൊടൊപ്പമുള്ള പ്രോഫോർമ പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ, വികാസ് ഭവൻ, 5th ഫ്ലോർ, തിരുവനന്തപുരം എന്ന വിലാസത്തിൽ 31.01.2020 തീയതിയ്ക്കകം ലഭിക്കുന്ന തരത്തിൽ സമർപ്പിക്കേണ്ടതാണ്. വിശദമായ പ്രൊപ്പോസൽ ഉൾപ്പെടുത്താത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി.

# പ്രോഫോർമ

1. സ്ഥാപനത്തിന്റെ പേര്

2. സ്ഥാപനത്തിന്റെ മേൽവിലാസം( Email id ഫോൺ നമ്പർ സഹിതം):

3. സ്ഥാപന മേധാവിയുടെ പേരും മേൽ വിലാസവും(Email id ഫോൺ നമ്പർ സഹിതം):

4. ഭിന്നശേഷി മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ :

5. വിവരശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തി പരിചയം:

6. സർക്കാരിനുവേണ്ടി നടത്തിയ പരിപാടികൾ:

7. മറ്റുള്ളവ :-

ഒപ്പ്/തസ്തിക